**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5794** **08-11-2021 - ൽ മറുപടിയ്ക്ക്**

**നിർമ്മാണ അസംസ്കൃതവസ്തുക്കളുടെ അനിയന്ത്രിതമായ വിലക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിർമ്മാണ അസംസ്കൃതവസ്തുക്കളുടെ അനിയന്ത്രിതമായ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ഇവയുടെ വിതരണം സുഗമമാക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ; | (ബി) | സംസ്ഥാനത്തിന് ആവശ്യമുള്ള സിമന്റിന്റെ 10% മാത്രമേ ഇപ്പോൾ ഇവിടെ ഉത്പാദിപ്പിക്കുന്നുള്ളു. ആവശ്യമായ ബാക്കിയുള്ള സിമന്റ് സംസ്ഥാനത്തിന് പുറത്തുനിന്നാണ് ലഭ്യമാക്കുന്നത്. ഈ സർക്കാരിന്റെ കാലയളവിൽ തന്നെ സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ വഴി കൂടുതൽ സിമന്റ് ഉല്പാദിപ്പിക്കാനുള്ള പദ്ധതികൾ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ചിട്ടുണ്ട്. അധിക ഉൽപ്പാദനം വരുമ്പോൾ വിലനിർണയത്തിൽ ഇടപെടാൻ സർക്കാരിനു സാധിക്കും. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതിയിൽ നിർമ്മാണ സാമഗ്രികളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിൽ അധികമായി നിക്ഷേപിക്കുന്ന സ്ഥിരമൂലധനത്തിന് ആനുപാതികമായി പരമാവധി 30 ലക്ഷത്തിൽ നിജപ്പെടുത്തി സബ്സിഡി അനുവദിച്ച് വരുന്നുണ്ട്. സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട സംരംഭങ്ങളുടെ വളർച്ചയ്ക്കായി, കേന്ദ്ര സർക്കാരിന്റെ MSE-CDP പദ്ധതി പ്രകാരം വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന ക്ലസ്റ്റർ വികസന പദ്ധതിയിൽ അസംസ്കൃത വസ്തുക്കളുടെ പൊതു സംഭരണശാലകൾ സ്ഥാപിക്കുന്ന തിനുള്ള സംവിധാനം നിലവിലുണ്ട്. ഒരു പ്രത്യേക സെക്ടറിൽപ്പെടുന്ന സംരംഭകർക്ക് പൊതു സംഭരണ ശാലകൾ സ്ഥാപിച്ച് അസംസ്കൃത വസ്തുക്കൾ പൊതുവായി സംഭരിച്ച് വിതരണം ചെയ്യുന്നതു വഴി ആ സെക്ടറിൽപ്പെടുന്ന വ്യക്തിഗത സംരംഭകർക്ക് കുറഞ്ഞ നിരക്കിൽ അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നതിനു സഹായകരമാകുന്നു. പദ്ധതി തുകയുടെ 70% കേന്ദ്ര സർക്കാരും 20% സംസ്ഥാന സർക്കാരിന്റെ മാച്ചിങ് |

| | | | |
|---|---|---|---|
| | | | കോൺട്രിബ്യൂഷനായും 10% ഉപഭോക്തൃ വിഹിതവുമായി വകയിരുത്തിയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. കൂടാതെ ആവശ്യകതയുടെ 95%-വും അന്യ സംസ്ഥാന ഉൽപ്പാദകരെ ആശ്രയിക്കുന്ന സിമന്റ് വിപണിയിൽ വില പിടിച്ചു നിറുത്തുന്നതിനായി സംസ്ഥാന പൊതുമേഖലാ കമ്പനികളായ മലബാർ സിമന്റ്സ് ലിമിറ്റഡ്, ട്രാവൻകൂർ സിമന്റ്സ് കമ്പനി എന്നിവയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കാനും കമ്പോള വിലയേക്കാൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കാനും ആവശ്യമായ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് വെള്ള സിമന്റിന് 3 വർഷം മുൻപുള്ള വിലയിൽ നിന്ന് മെട്രിക് ടണ്ണിന് 600 രൂപ ഇളവിലാണ് ഇപ്പോൾ വിൽപ്പന നടത്തി വരുന്നത്. കൂടാതെ പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് മാർക്കറ്റിൽ നിലവിലുള്ള വിലയേക്കാൾ കുറഞ്ഞ നിരക്കിലാണ് വിപണനം നടത്തി വരുന്നത്. മലബാർ സിമന്റ്സ് ലിമിറ്റഡിന് കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ സിമന്റ്സ് ബ്ലെൻഡിങ് ടെർമിനൽ സ്ഥാപിച്ച് 0.3 മില്യൺ ടൺ സിമന്റ് ഓരോ വർഷവും ഉല്പാദിപ്പിക്കുവാനുള്ള പദ്ധതിയും 0.3 മില്യൺ ടൺ ഉല്പാദനശേഷിയുള്ള ഒരു സിമന്റ് ഗ്രൈന്റിങ് യൂണിറ്റ് കണ്ണൂരിൽ തുടങ്ങാനുള്ള പദ്ധതിയും പരിഗണനയിലുണ്ട്. |
| (സി) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ കൂടുതൽ സിമന്റ് ഉല്പാദിപ്പിക്കുന്നതിനും അതുവഴി സിമന്റ് വില കുറയ്ക്കുന്നതിനും സാധ്യമാണോയെന്ന് പരിശോധിക്കുമോ; | (സി) | സംസ്ഥാനത്തിന് ആവശ്യമുള്ള സിമന്റിന്റെ 10% മാത്രമേ ഇപ്പോൾ ഇവിടെ ഉത്പാദിപ്പിക്കുന്നുള്ളൂ. ആവശ്യമായ ബാക്കിയുള്ള സിമന്റ് സംസ്ഥാനത്തിന് പുറത്തുനിന്നാണ് ലഭ്യമാക്കുന്നത്. ഈ സർക്കാരിന്റെ കാലയളവിൽ തന്നെ സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ വഴി കൂടുതൽ സിമന്റ് ഉല്പാദിപ്പിക്കാനുള്ള പദ്ധതികൾ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ചിട്ടുണ്ട്. അധിക ഉൽപ്പാദനം വരുമ്പോൾ വിലനിർണയത്തിൽ ഇടപെടാൻ സർക്കാരിനു സാധിക്കും. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതിയിൽ നിർമ്മാണ സാമഗ്രികളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിൽ അധികമായി നിക്ഷേപിക്കുന്ന സ്ഥിരമൂലധനത്തിന് ആനുപാതികമായി പരമാവധി 30 ലക്ഷത്തിൽ നിജപ്പെടുത്തി സബ്സിഡി അനുവദിച്ച് വരുന്നുണ്ട്. സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട സംരംഭങ്ങളുടെ വളർച്ചയ്ക്കായി, കേന്ദ്ര സർക്കാരിന്റെ MSE-CDP പദ്ധതി പ്രകാരം വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന ക്ലസ്റ്റർ വികസന പദ്ധതിയിൽ അസംസ്കൃത വസ്തുക്കളുടെ പൊതു സംഭരണശാലകൾ സ്ഥാപിക്കുന്ന തിനുള്ള സംവിധാനം നിലവിലുണ്ട്. |

| | | | |
|---|---|---|---|
| | | | ഒരു പ്രത്യേക സെക്ടറിൽപ്പെടുന്ന സംരംഭകർക്ക് പൊതു സംഭരണ ശാലകൾ സ്ഥാപിച്ച് അസംസ്കൃത വസ്തുക്കൾ പൊതുവായി സംഭരിച്ച് വിതരണം ചെയ്യുന്നതു വഴി ആ സെക്ടറിൽപ്പെടുന്ന വ്യക്തിഗത സംരംഭകർക്ക് കുറഞ്ഞ നിരക്കിൽ അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നതിനു സഹായകരമാകുന്നു. പദ്ധതി തുകയുടെ 70% കേന്ദ്ര സർക്കാരും 20% സംസ്ഥാന സർക്കാരിന്റെ മാച്ചിങ് കോൺട്രിബ്യൂഷനായും 10% ഉപഭോക്തൃ വിഹിതവുമായി വകയിരുത്തിയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. കൂടാതെ ആവശ്യകതയുടെ 95%-വും അന്യ സംസ്ഥാന ഉൽപ്പാദകരെ ആശ്രയിക്കുന്ന സിമന്റ് വിപണിയിൽ വില പിടിച്ചു നിറുത്തുന്നതിനായി സംസ്ഥാന പൊതുമേഖലാ കമ്പനികളായ മലബാർ സിമന്റ്സ് ലിമിറ്റഡ്, ട്രാവൻകൂർ സിമന്റ്സ് കമ്പനി എന്നിവയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കാനും കമ്പോള വിലയേക്കാൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കാനും ആവശ്യമായ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് വെള്ള സിമന്റിന് 3 വർഷം മുൻപുള്ള വിലയിൽ നിന്ന് മെട്രിക് ടണ്ണിന് 600 രൂപ ഇളവിലാണ് ഇപ്പോൾ വിൽപ്പന നടത്തി വരുന്നത്. കൂടാതെ പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് മാർക്കറ്റിൽ നിലവിലുള്ള വിലയേക്കാൾ കുറഞ്ഞ നിരക്കിലാണ് വിപണനം നടത്തി വരുന്നത്. മലബാർ സിമന്റ്സ് ലിമിറ്റഡിന് കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ സിമന്റ്സ് ബ്ലെൻഡിങ് ടെർമിനൽ സ്ഥാപിച്ച് 0.3 മില്യൺ ടൺ സിമന്റ് ഓരോ വർഷവും ഉല്പാദിപ്പിക്കുവാനുള്ള പദ്ധതിയും 0.3 മില്യൺ ടൺ ഉല്പാദനശേഷിയുള്ള ഒരു സിമന്റ് ഗ്രൈന്റിങ് യൂണിറ്റ് കണ്ണൂരിൽ തുടങ്ങാനുള്ള പദ്ധതിയും പരിഗണനയിലുണ്ട്. |
| (ഡി) | കമ്പി, പൈപ്പ് എന്നിവയുടെ വിലനിയന്ത്രണത്തിന് സ്വീകരിക്കാൻ കഴിയുന്ന നടപടികൾ വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തിന് ആവശ്യമുള്ള സിമന്റിന്റെ 10% മാത്രമേ ഇപ്പോൾ ഇവിടെ ഉത്പാദിപ്പിക്കുന്നുള്ളൂ. ആവശ്യമായ ബാക്കിയുള്ള സിമന്റ് സംസ്ഥാനത്തിന് പുറത്തുനിന്നാണ് ലഭ്യമാക്കുന്നത്. ഈ സർക്കാരിന്റെ കാലയളവിൽ തന്നെ സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ വഴി കൂടുതൽ സിമന്റ് ഉല്പാദിപ്പിക്കാനുള്ള പദ്ധതികൾ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ചിട്ടുണ്ട്. അധിക ഉൽപ്പാദനം വരുമ്പോൾ വിലനിർണയത്തിൽ ഇടപെടാൻ സർക്കാരിനു സാധിക്കും. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതിയിൽ നിർമ്മാണ സാമഗ്രികളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിൽ അധികമായി നിക്ഷേപിക്കുന്ന |

| | | | |
|---|---|---|---|
| | | | സ്ഥിരമൂലധനത്തിന് ആനുപാതികമായി പരമാവധി 30 ലക്ഷത്തിൽ നിജപ്പെടുത്തി സബ്സിഡി അനുവദിച്ച് വരുന്നുണ്ട്. സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട സംരംഭങ്ങളുടെ വളർച്ചയ്ക്കായി, കേന്ദ്ര സർക്കാരിന്റെ MSE-CDP പദ്ധതി പ്രകാരം വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന ക്ലസ്റ്റർ വികസന പദ്ധതിയിൽ അസംസ്കൃത വസ്തുക്കളുടെ പൊതു സംഭരണശാലകൾ സ്ഥാപിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഒരു പ്രത്യേക സെക്ടറിൽപ്പെടുന്ന സംരംഭകർക്ക് പൊതു സംഭരണ ശാലകൾ സ്ഥാപിച്ച് അസംസ്കൃത വസ്തുക്കൾ പൊതുവായി സംഭരിച്ച് വിതരണം ചെയ്യുന്നതു വഴി ആ സെക്ടറിൽപ്പെടുന്ന വ്യക്തിഗത സംരംഭകർക്ക് കുറഞ്ഞ നിരക്കിൽ അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നതിനു സഹായകരമാകുന്നു. പദ്ധതി തുകയുടെ 70% കേന്ദ്ര സർക്കാരും 20% സംസ്ഥാന സർക്കാരിന്റെ മാച്ചിങ് കോൺട്രിബ്യൂഷനായും 10% ഉപഭോക്തൃ വിഹിതവുമായി വകയിരുത്തിയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. കൂടാതെ ആവശ്യകതയുടെ 95%-വും അന്യ സംസ്ഥാന ഉൽപ്പാദകരെ ആശ്രയിക്കുന്ന സിമന്റ് വിപണിയിൽ വില പിടിച്ചു നിറുത്തുന്നതിനായി സംസ്ഥാന പൊതുമേഖലാ കമ്പനികളായ മലബാർ സിമന്റ്സ് ലിമിറ്റഡ്, ട്രാവൻകൂർ സിമന്റ്സ് കമ്പനി എന്നിവയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കാനും കമ്പോള വിലയേക്കാൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കാനും ആവശ്യമായ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് വെള്ള സിമന്റിന് 3 വർഷം മുൻപുള്ള വിലയിൽ നിന്ന് മെട്രിക് ടണ്ണിന് 600 രൂപ ഇളവിലാണ് ഇപ്പോൾ വിൽപ്പന നടത്തി വരുന്നത്. കൂടാതെ പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് മാർക്കറ്റിൽ നിലവിലുള്ള വിലയേക്കാൾ കുറഞ്ഞ നിരക്കിലാണ് വിപണനം നടത്തി വരുന്നത്. മലബാർ സിമന്റ്സ് ലിമിറ്റഡിന് കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ സിമന്റ്സ് ബ്ലെൻഡിങ് ടെർമിനൽ സ്ഥാപിച്ച് 0.3 മില്യൺ ടൺ സിമന്റ് ഓരോ വർഷവും ഉല്പാദിപ്പിക്കുവാനുള്ള പദ്ധതിയും 0.3 മില്യൺ ടൺ ഉല്പാദനശേഷിയുള്ള ഒരു സിമന്റ് ഗ്രൈന്റിങ് യൂണിറ്റ് കണ്ണൂരിൽ തുടങ്ങാനുള്ള പദ്ധതിയും പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ